**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്,2019 - നഗരസഭകളിൽ ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ(കൈ)നം. 102/2021/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം:03/06/2021

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 17.07.2019 ലെ സ.ഉ.(സാധാ) 1503/2019/തസ്വഭവ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 11(12) പ്രകാരം, പ്രസ്തുത ചട്ടത്തിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ച് പരാമർശം പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 02.11.2019-ലെ സ.ഉ.(പി.)78/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, 2019 നിലവിൽവന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ടി കമ്മിറ്റി പുനഃസംഘടിപ്പിക്കേണ്ടത് അനിവാര്യമായിട്ടുണ്ട്.

സംസ്ഥാനത്തെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, 2019-ന്റെ ചട്ടം 10(1) -ൽ പരാമർശിക്കുന്ന നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് പരിസരവാസികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ വിലയിരുത്തി നഷ്ടപരിഹാരം, സംരക്ഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ശിപാർശ ചെയ്യുന്നതിനായി അതാത് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി സെക്രട്ടറി കൺവീനറും ജില്ലാ ടൗൺ പ്ലാനറും സ്ട്രക്ചറൽ എഞ്ചിനീയറിംഗ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് വിഷയങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന വിദഗ്ധരും അംഗങ്ങളുമായും ഒരു ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റി രൂപീകരിക്കാൻ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, 2019-ന്റെ ചട്ടം 10(12) സർക്കാരിന് അധികാരം നല്കുന്നുണ്ട്. .

അതിന്റെ അടിസ്ഥാനത്തിൽ അതാത് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി സെക്രട്ടറി കൺവീനറും ജില്ലാ ടൗൺ പ്ലാനറും സ്ട്രക്ചറൽ എഞ്ചിനീയറിംഗ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് വിഷയങ്ങളിൽ താഴെച്ചേർക്കുന്ന പട്ടികയിലെ അതാത് ജില്ലകൾക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ധരും അംഗങ്ങളുമായും ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(തുടർച്ച......2)

| ക്രമ നം. | ജില്ല | സ്ട്രക്ചറൽ എഞ്ചിനീയറിംഗ് എക്സ്പർട്ട് (അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത റാങ്കുള്ള അദ്ധ്യാപകൻ) | ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് എക്സ്പർട്ട് (അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത റാങ്കുള്ള അദ്ധ്യാപകൻ) |
|---|---|---|---|
| 1 | തിരുവനന്തപുരം | സി.ഇ.റ്റി., തിരുവനന്തപുരം | സി.ഇ.റ്റി., തിരുവനന്തപുരം |
| 2 | കൊല്ലം | ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ്, കൊല്ലം (ഈ സ്ഥാപനത്തിൽ വിദഗ്ധൻ ഇല്ലാത്തപക്ഷം സി.ഇ.റ്റി., തിരുവനന്തപുരം) | ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ്, കൊല്ലം (ഈ സ്ഥാപനത്തിൽ വിദഗ്ധൻ ഇല്ലാത്തപക്ഷം സി.ഇ.റ്റി., തിരുവനന്തപുരം) |
| 3 | പത്തനംതിട്ട | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം |
| 4 | ആലപ്പുഴ | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം |
| 5 | കോട്ടയം | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം |
| 6 | ഇടുക്കി | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി (ഈ സ്ഥാപനത്തിൽ വിദഗ്ധൻ ഇല്ലാത്തപക്ഷം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ) | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി (ഈ സ്ഥാപനത്തിൽ വിദഗ്ധൻ ഇല്ലാത്തപക്ഷം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ) |
| 7 | എറണാകുളം | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ |
| 8 | തൃശ്ശൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ |
| 9 | പാലക്കാട് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ |
| 10 | മലപ്പുറം | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് |
| 11 | കോഴിക്കോട് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് |
| 12 | വയനാട് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ |
| 13 | കണ്ണൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ |
| 14 | കാസർഗോഡ് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ |

(തുടർച്ച.......3)

കമ്മിറ്റി ചേരേണ്ട ആവശ്യം വരുന്ന സാഹചര്യത്തിൽ കമ്മറ്റി കൺവീനർ പ്രസ്തുത സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാരുമായി കൂടിയാലോചിച്ച് വിഷയ വിദഗ്ധരെ നിശ്ചയിക്കേണ്ടതാണ്.

ഇതേ ആവശ്യത്തിനായി പരാമർശം (1) പ്രകാരം രൂപീകരിച്ച കമ്മിറ്റി ഈ തീയതി മുതൽ അസാധുവാകുന്നതാണ്. കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുള്ള പക്ഷം പ്രസ്തുത കമ്മിറ്റിയുടെ അധികാരം ആ ആവശ്യത്തിന് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത ആവശ്യം പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി കമ്മിറ്റികൾ ഇല്ലാതെയാകുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**ബിശ്വനാഥ് സിൻഹ**

പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ഈ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.)
2. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം. (ഈ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.)
3. പ്രിൻസിപ്പൽ, സി.ഇ.റ്റി., തിരുവനന്തപുരം.
4. പ്രിൻസിപ്പൽ, ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ്, കൊല്ലം.
5. പ്രിൻസിപ്പൽ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം.
6. പ്രിൻസിപ്പൽ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി.
7. പ്രിൻസിപ്പൽ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ.
8. പ്രിൻസിപ്പൽ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്.
9. പ്രിൻസിപ്പൽ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ.
10. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
11. വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
12. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ